# ഉള്ളടക്കം


1) ആമുഖം ........ 3
2) അടിസ്ഥാന വിവരങ്ങൾ ........ 4
3) അവസ്ഥ പഠനത്തിലെ കണ്ടെത്തലുകൾ ........ 5
4) സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ........ 7
5) മലയാളം ........ 11
6) English ........ 13
7) അടിസ്ഥാനശാസ്ത്രം ........ 15
8) ഗണിതം ........ 19
9) ഹിന്ദി ........ 20
10) സാമൂഹ്യശാസ്ത്രം ........ 21
11) അറബിക് ........ 24
12) ആരോഗ്യം, ശുചിത്രം ........ 25
13) മാതൃസമിതി പ്രവർത്തനങ്ങൾ ........ 25
14) ജെ.ആർ.സി. ........ 26
15) അച്ചടക്കം ........ 27
16) ലൈബ്രറി ........ 28
17) കായികം ........ 28
18) ഉച്ചഭക്ഷണം ........ 29
19) പ്രവൃത്തി പരിചയം ........ 30
20) കാർഷികം ........ 31
21) കലാസാംസ്കാരികം ........ 32

# ആമുഖം

നമ്മുടെ വിദ്യാലയങ്ങൾ ഈ വർഷം ഊന്നൽ നൽകേണ്ടത് സമഗ്ര ഗുണമേന്മയ്ക്കാണെന്ന് നമുക്കറിയാം. നമ്മുടെ പരിമിതികൾ തിരിച്ചറിഞ്ഞ് കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യേണ്ടത്. ഇതിനായി ഭൗതിക നിലവാരവും അക്കാദമിക നിലവാരവും ഒരേപോലെ മെച്ചപ്പെടുത്തേണ്ടതുണ്ട്. അക്കാദമികം എന്നു പറയുമ്പോൾ ഭാഷാപരവും ശാസ്ത്രപരവും കലാകായികപരവുമായ മികവുകൾ ഉറപ്പുവരുത്തേണ്ടതാണ്. വിവിധ ഭാഷാ വിഷയങ്ങളും ശാസ്ത്രവിഷയങ്ങളും പഠിക്കുന്നതിന് സഹായകരമായ ലൈബ്രറി, ലാബ്, കളിസ്ഥലം, ജൈവവൈവിധ്യ ഉദ്യാനം, ഐ.ടി. ലാബ് തുടങ്ങിയവ ഇതിന്റെ ഭാഗമായി സ്കൂളിൽ ഒരുക്കേണ്ടതുണ്ട്. ഇതിലൂടെ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം നമ്മൾ ഉറപ്പുവരുത്തണം.

ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് അവരെയും കൂടി മുഖ്യധാരായിലേക്ക് എത്തിക്കേണ്ടതുണ്ട്. ഇതിനായി ക്ലാസ് റൂം പ്രവർത്തനങ്ങൾ നമ്മുടെ ആസൂത്രണം ചെയ്യേണ്ടതായുണ്ട്. മികവുകളെ നിലനിർത്തിക്കൊണ്ട് നമ്മുടെ പരിമിതികളെ മറികടക്കാൻ സഹായിക്കുന്ന രീതിയിലുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണ് നാം തയ്യാറാക്കേണ്ടത്.

# അവസ്ഥാപഠനത്തിലെ കണ്ടെത്തലുകൾ

## അക്കാദമികവും ഭൗതികവുമായ നേട്ടങ്ങൾ

അക്കാദമികവും ഭൗതികവുമായ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ കഴിഞ്ഞ അധ്യയന വർഷം ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് സബ്ജില്ലാ കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനവും സബ്ജില്ലാ കലോത്സവത്തിൽ ഓവറോൾ ഒന്നാം സ്ഥാനവും ലഭിച്ചു. അറബിക് കലോത്സവത്തിൽ ഓവറോൾ ഒന്നാം സ്ഥാനവും, സംസ്കൃതം കലോത്സവത്തിൽ ഓവറോൾ മൂന്നാം സ്ഥാനവും ലഭിച്ചു. എല്ലാ വിദ്യാർത്ഥികൾക്കും (12) സംസ്കൃതം സ്കോളർഷിപ്പും ലഭിച്ചു. സ്പോർട്സിൽ സബ്ജില്ലാ തലത്തിൽ ഉന്നതവിജയം നേടി. ഉറുദു ടാലന്റ് ടെസ്റ്റിൽ 6 കുട്ടികൾക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞു. ഉറുദു സോക്കർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനവും സർഗോത്സവത്തിൽ രണ്ട് വിദ്യാർത്ഥികൾ ജില്ലാതലം വരെ വിജയികളായി. കുട്ടികൾക്ക് വായിക്കാൻ നിരവധി പുസ്തകങ്ങൾ അടങ്ങിയ ഒരു ലൈബ്രറി റൂമും സജ്ജമാക്കാൻ കഴിഞ്ഞു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഉപയോഗിക്കാൻ വൃത്തിയുള്ളതും അടച്ചുറപ്പുള്ളതുമായ വിശാലമായ ടോയ്ലെറ്റ് സമുച്ചയം തന്നെ ഉണ്ടാക്കി. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പുതിയ കിണർ കുഴിച്ചു. വിശാലമായ ഉച്ചഭക്ഷണശാല എടുത്തുപറയേണ്ട നേട്ടങ്ങളിൽ ഒന്നാണ്. നിലവിൽ എല്ലാ ക്ലാസ് മുറികളും ടൈൽ പതിച്ചതാണ്. എല്ലാ ക്ലാസ് മുറികളിലും ഫാനും ലൈറ്റും ഉണ്ട്. കുട്ടികൾക്ക് പഠനത്തിന് ഉപയോഗപ്രദമായ ലാബുപകരണങ്ങൾ സ്കൂളിൽ ഉണ്ട്. സ്കൂളിനോടനുബന്ധിച്ച് ഉണ്ടാക്കിയ ജൈവവൈവിധ്യ ഉദ്യാനം ഞങ്ങളുടെ മറ്റൊരു നേട്ടമാണ്.

# അക്കാദമികവും ഭൗതികവുമായ പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറുപ്പുവരുത്താൻ കഴിയുന്നുണ്ടെങ്കിലും എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേക്ക്ുയർന്നില്ല എന്നത് പരിമിതിയാണ്. എല്ലാ ക്ലാസ് മുറികളിലും പ്രൊജക്ടർ ഇല്ല എന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. സ്കൂളിൽ എല്ലാ വിഷയങ്ങൾക്കും വേണ്ട ലാബ് ഉപകരണങ്ങളും അവ വെയ്ക്കാനുള്ള ഷെൽഫുകളും ഉണ്ടെങ്കിലും കുട്ടികൾക്ക് പരീക്ഷണത്തിൽ ഏർപ്പെടാൻ സൗകര്യപ്രദമായ ലാബ് ഇല്ല. കമ്പ്യൂട്ടർ ലാബിലെ കമ്പ്യൂട്ടറുകളിൽ ചിലത് ഉപയോഗശൂന്യമായി കിടക്കുന്ന. ചില ക്ലാസ് മുറികൾ തമ്മിൽ വേർതിരിക്കാൻ തട്ടികൾ മാത്രമാണുള്ളത്. മരംകൊണ്ട് നിർമ്മിച്ചതും ഓടു പതിച്ചതുമായ മേൽക്കൂര മറ്റു വിദ്യാലയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ പോരായ്മ തന്നെയാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ പ്രത്യേക റൂം ഒരുക്കണം. എല്ലാ അധ്യാപകരും തങ്ങളുടെ അധ്യാപനത്തിൽ കഥഠ സാധ്യതകൾ കൂടുതലായി ഉപയോഗിക്കണം. ജൈവ വൈവിധ്യ ഉദ്യാനം കൂടുതൽ വിശാലമാക്കണം.

# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഘട്ട മാണിത്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ കൃത്യ മായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജൂൺ 3 മുതൽ 13 വരെ ക്ലാസ് മുറികളിൽ നടക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വി കസിക്കാനുള്ള ഒരു പ്രവേശിക മാത്രമാണ് ഈ പ്രവർത്തനങ്ങൾ എന്ന നിലക്ക് ഈ വർഷം മുഴുവനായി ചെയ്യേണ്ട പ്രവർത്തനങ്ങൾ ആസൂത്ര ണം ചെയ്തു.

# മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ

5 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് ലഹരിക്കെതിരായ മനോഭാ വം കുട്ടികളിൽ ഉളവാകാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടക്കേണ്ടത്. മയക്കുമരുന്ന്/ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാവാൻ ആവശ്യമായ ധാരണകളാണ് രൂപപ്പെടുത്തേണ്ടത്.

## പ്രവർത്തനങ്ങൾ

- ബോധവൽക്കരണം – രക്ഷിതാക്കൾക്ക്
- നൃത്താവിഷ്കാരം
- നാടകം
- സെമിനാർ
- റോൾപ്ലേ
- ഷോർട്ട് ഫിലിം പ്രദർശനം
- സംവാദം
- ബോധവത്കരണം – കുട്ടികൾക്ക്
- കൊളാഷ് നിർമ്മാണം
- പോസ്റ്റർ നിർമ്മാണം

# റോഡ് സുരക്ഷ

വിവിധ ഗതാഗതസംവിധാനങ്ങളെക്കുറച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുമുള്ള വ്യക്തമായ ധാരണ പ്രൈമറി തലം മുതൽ തന്നെ കുട്ടികൾ നേടേണ്ടതുണ്ട്. ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത് റോഡിലൂടെ നടന്നുവരുമ്പോഴും റോഡ് മുറിച്ച് കടക്കുമ്പോഴും സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴുമാണ്. ഇത്തരം അപകടങ്ങൾ ഒഴിവാക്കേണ്ടതിനായി ഇവയുമായി ബന്ധിപ്പിച്ച് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ /ആർജിക്കേണ്ട ശേഷികൾ എന്നിവ ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ നൽകണം.

## പ്രവർത്തനങ്ങൾ

- അധ്യാപകരുടെ അനുഭവം പങ്കുവെക്കൽ
- ചർച്ച (റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ)
- മോക്ക് ഡ്രിൽ (റോഡിലൂടെ യാത്ര ചെയ്യുന്നത് സംബന്ധിച്ച്, സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും കാൽ നടക്കാരായും അഭിനയിക്കുക)
- കൊളാഷ് നിർമ്മാണം
- ചർച്ച (റോഡപകടങ്ങളുടെ പ്രധാന കാരണങ്ങൾ)
- സിഗ്നലുകൾ പരിചയപ്പെടുത്തൽ
- ട്രാഫിക് ഉദ്യോഗസ്ഥരുമായി അഭിമുഖം
- ''മുദ്രാവാക്യങ്ങൾ'' (സുരക്ഷിത യാത്ര) തയ്യാറാക്കി ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കൽ

# വ്യക്തിശുചിത്വം, മാലിന്യവത്കരണം, സൗന്ദര്യ വത്കരണം

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകുകയും സ്ഥായിയായി അത് നിലനിൽക്കുന്നതിനുള്ള മനോഭാവം സ്കൂൾ കാലഘട്ടത്തിൽ തന്നെ രൂപപ്പെടുത്തണം.

### പ്രവർത്തനങ്ങൾ

- വ്യക്തിശുചിത്വം അളക്കാൻ ക്ലാസ് സർവ്വേ നടത്തൽ
- പ്രകൃതി നടത്തം- സ്കൂളിൽ പരിസരത്തിന്റെ അവസ്ഥ നിരീക്ഷിക്കുക
- ചർച്ച (സ്കൂൾ പരിസരം എങ്ങനെ വൃത്തിയായി സൂക്ഷിക്കാം)
- പൂന്തോട്ട നിർമ്മാണം
- ഓരോ ക്ലാസിലും ഓരോ പൂച്ചെട്ടി
- ജൈവ വൈവിധ്യ ഉദ്യാനനിർമ്മാണം
- റോൾ പ്ലേ
- ഏറ്റവും വൃത്തിയുള്ള പരിസരമുള്ള ക്ലാസിന് സമ്മാനം നൽകൽ

# പൊതു ആരോഗ്യം

- ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥന്റെ ക്ലാസ്
  (പോഷകാഹാരം, കണ്ണിന്റെ ആരോഗ്യം, ദന്തസംരക്ഷണം)
- എല്ലാ ദിവസവും അവസാനത്തെ പരീഡ് വ്യായാമം
  (ഡാൻസ്, ഓട്ടം....)

# ഡിജിറ്റൽ അച്ചടക്കം

കുട്ടികളിൽ വർദ്ധിച്ചുവരുന്ന ഡിജിറ്റൽ ഉപയോഗം അവരുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

### പ്രവർത്തനങ്ങൾ

- സംവാദം
- ചിത്രരചന
- പോസ്റ്റർ നിർമ്മാണം
- റോൾ പ്ലേ
- കഥാരചന

# പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്

### പ്രവർത്തനങ്ങൾ

- ചർച്ച
- സംവാദം
- ചിത്രരചന
- കുറിപ്പ് തയ്യാറാക്കൽ
- ഉപന്യാസം എഴുതൽ
- കഥാരചന

# പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

പരസ്പര സഹകരണം വ്യക്തിജീവിതത്തിനും സാമൂഹ്യജീവിതത്തിനും അനിവാര്യമാണ്.

### പ്രവർത്തനങ്ങൾ

- ജീവിത സന്ദർഭങ്ങൾ പങ്കുവെക്കൽ
- കഥ വായന
- സിനിമ പ്രദർശനം
- റോൾ പ്ലേ (ഡൈനിംഗ് സമയം, വീട്ടുകാർ ഒരുമിച്ചു ചേർന്ന് ഭക്ഷണം ഉാക്കൽ...)

# മലയാളം (വിദ്യാരംഗം ക്ലബ്ബ്)

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ അക്കാദമികവും ഭൗതീകവും സാമൂഹികവുമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണല്ലോ നമ്മളിപ്പോൾ. ധാരാളം മുകവുകൾ നമുക്ക് എടുത്തു പറയാനുണ്ടെങ്കിലും പോരായ്മകളും ഏറെയാണ്. ഈ പോരായ്മകൾ കൂടി പരിഹരിച്ച് പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തി മുന്നോട്ടുപോവുക എന്നതാണ് ഓരോ വിദ്യാലയത്തിന്റെയും കർത്തവ്യം. അതിന്റെ മുന്നോടിയായുള്ള പ്രയാണത്തിൽ ആവള യു. പി. സ്കൂളിന്റെയും ഉയർന്ന സ്ഥാനം നിലനിർക്കൊണ്ടു പോവുക എന്നതാണ് നമ്മുടെ ലക്ഷ്യം.

ഇതിനുവേണ്ടി പ്രീ ടെസ്റ്റിലൂടെ കുട്ടികളെ കണ്ടെത്തി ഭാഷാപരമായ പ്രശ്നങ്ങൾക്ക് സമയബന്ധിതമായ ഭാഷാശേഷി വികസന ക്ലാസുകൾ ആസൂത്രണം ചെയ്തു നടപ്പാക്കണം. സ്വന്തമായി ലൈബ്രറി പുസ്തകങ്ങൾ തെരഞ്ഞെടുക്കുവാനും വായനസാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ നടപ്പാക്കണം.

സ്കൂളിൽ ഓരോ വർഷവും വിദ്യാരംഗം ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന ഭാഷാ ശേഷീ വികസന പ്രവർത്തനങ്ങളിൽ (പരിപാടികളിൽ) കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. കുട്ടിക്ക് സ്വന്തമായി ആശയം ഗ്രഹിക്കാനുംസർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് ഇവയുടെ ലക്ഷ്യം.

# മലയാളം

ലക്ഷ്യം : ➢ എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം.

➢ പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ

➢ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ 5 | ⇨ പരിസ്ഥിതിദിനം |
| ജൂൺ 10 | ⇨ കമ്മറ്റി രൂപീകരണം |
| ജൂൺ 19 | ⇨ വായനാദിനം - വാരാചരണം |
| ജൂലായ് 9 | ⇨ ബഷീർ ദിനാചരണം |
| ജൂലായ് 10 | ⇨ ഉറൂബ് ദിനാചരണം |
| ജൂലായ് 21 | ⇨ സാഹിത്യ സഞ്ചാരം |
| ആഗസ്ത് 2 | ⇨ ആവള ടി. ദിനാചരണം<br>⇨ വിദ്യാരംഗം ഉദ്ഘാടനം<br>⇨ സർഗോത്സവം |
| സപ്തംബർ 5 | ⇨ അധ്യാപകദിനാഘോഷം (ഗുരുവന്ദനം)<br>⇨ ഓണാഘോഷം - സിനിമാ പ്രദർശനം |
| ഒക്ടോബർ | ⇨ ഗാന്ധിസ്മൃതി - സിനിമാ പ്രദർശനം<br>⇨ വള്ളത്തോൾ ദിനം<br>⇨ സാഹിത്യ ക്വിസ് - നാടകശില്പശാല |
| നവംബർ 14 | ⇨ ശിശുദിനാഘോഷം - അഭിമുഖം<br>⇨ സിനിമാ പ്രദർശനം |
| ഡിസംബർ | ⇨ പഠനയാത്ര |
| ജനുവരി | ⇨ പുതുവത്സരാഘോഷം<br>⇨ വിവേകാനന്ദ സ്മൃതി |
| ഫെബ്രുവരി | ⇨ മികവുത്സവം |

# ENGLISH

Now a days, learning english is very essential for the students and the parents. The importance of english can't be denied and ignored since english is the greatest common language spoken universally. To learn english requires constant practice and patience. The kind of feeling that succeeds among students is that it is not possible to achieve fluency or mastery over the english language. Most of the students study english from the examination point of view, so they are not able to produce even a single sentence without the grammatical error further more, sufficient practice is not given to students to learn a language. Knowledge of english is necessary if one wants to come up in life. We know, only those who have a command over the english are true where the advanced countries have opened their doors for recruiting technically qualified persons.

We know, there are several factors that make the English language essential to communication in our current time. Lack of reading habit and listening tends to challenge sevaral problems in learning english. If we want Fluency in English, we have to work alot for this. if this is one of our goal, it will be important to study balance of four major skills, listening speaking, reading and writing. We know there are many issues to transact english in our class rooms we are lacking the real life situations in promoting English as a language for communication a suitable and comfortable environment is the basic needs of teaching and learning english. More than this, we know speaking in our mother tongue is the most noticeable issue in our class rooms it is very frustrating for the students, trying to speak the language and think the words and sentences to speak, which they don't know.

important communication skills are given alot priority.

In our classrooms, we are facing so many challenges. Today's technology does make learning a language easier than ever but lack of technical facilities in the classrooms, creates problem the main problem which we faced in our classroom is learners are compelled to study a language without any goal.

## AIMS

- ➢ To improve the language proficiency and communication skill of teachers and students.
- ➢ To enchance the confidence to speak and write in English

| Month | Activities |
|---|---|
| June 30 | ⇨ Formation of English Club |
| | ⇨ Two words a day activities |
| July 14 | ⇨ Reading competition |
| August | ⇨ Dictation |
| September October | ⇨ Presentation of Gandhi Film |
| November 12 | ⇨ Nehru Quiz in English |
| December | ⇨ Christmas/ New year celebration |
| January 05 | ⇨ Reading Competition |
| February 06 | ⇨ English Day |
| March 10 | ⇨ GK Quiz in English |

# അടിസ്ഥാന ശാസ്ത്രം

മനുഷ്യൻ ഇന്ന് വരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം എന്ന് പറയാം കാഴ്ചകേൾവി.രുചി.ഗന്ധം, സ്പർശം, എന്നിവയിലൂടെടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാവുന്നത്. മുന്നറിവുകളുള്ള അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് നമ്മെ നയിക്കും നിർമ്മിക്ക പെടുന്ന ഓരോ ആറിവും അടുത്ത അന്വേഷണത്തിലേക്ക് ഉള്ള വാതിലുകളാണ് യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസ് പ്രസ്കതമായ വിവരങ്ങൾ ശേഖരിക്കുകയും സമ സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണ വിചാരം ഫലപ്രാപ്തിയിലെത്തുന്നു ഇതാണ് ശാസ്ത്ര പഠനരീതി ശാസ്ത്രീയവിജ്ഞാനം ഉല്പാദിപ്പിക്കുകയും സാധുകരിക്കുകയും ചെയുന്നതിലേക്ക് കുട്ടിയെ നായിക്കുന്ന രീതിയിലായിരിക്കണം പഠന പക്രിയ നടക്കേണ്ടത്. വിവിധ മേഖലകളിൽ കുട്ടി അനുഭവിക്കുന്ന പ്രയാസങ്ങൾ കണ്ടെത്തി പരിഹാര പരിഹാരപ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നതാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാനിൽ നാം ചെയുന്നത് ഇതിന് നടത്തിയ അവസഥാ പഠനത്തിലെ കണ്ടെത്തലുകൾ താഴെ കൊടുത്തിരിക്കുന്നത്.

## പാഠ്യപദ്ധതി വിനമയം

**മേഖല- നിരീക്ഷണം**

1. പലകുട്ടികൾക്കും എത്തുന്ന നിരീക്ഷണം എങ്ങനെ രേഖപ്പെടുത്തണം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് വ്യക്തമായ ധാരണയില്ല. കുറച്ചു കുട്ടികൾക്ക് അധ്യാപികയുടെ സഹായത്തോടെ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുണ്ട്. ശാസ്ത്രപഠനത്തിലെ ഏറ്റവും അടിസ്ഥാനപരവുമായ ശേഷിയാണ് നിരീക്ഷണംഇതിന് പര്യാപ്തമായ രീതിയിൽ സ്കൂൾ അന്തരീഷം മാറേണ്ടതുണ്ട്.

2. **ദത്തങ്ങൾ ശേഖരിക്കലും രേഖപ്പെടത്തലും**

   കൂടുതൽ കുട്ടികൾക്കും പ്രയാസം അനുഭവപ്പെടുന്ന മേഖലയാണ് ഇത് എന്നാൽ അധ്യാപികയുടെ സഹായത്തോടെ കുട്ടികൾക്ക് കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുണ്ട്

3. **പരീക്ഷണത്തിൽ ഏർപ്പെടൽ**

   കുട്ടികൾക്ക് സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപെടുന്നതിനും നിഗമനങ്ങൾ രൂപീകരികുന്നതിനും കഴി

യുന്നില്ല. വിദ്യാലയത്തിലെ നിലവിലുള്ള ലാബ് സൗകര്യം കുട്ടികൾക്ക് വ്യക്തിഗതമായി പരീക്ഷണ പ്രവർത്തങ്ങൾ ചെയ്യാൻ പര്യാപ്തമല്ല

4. **അളക്കലും ചാർട്ടാക്കലും**

കുട്ടികൾക്ക് പ്രയാസം നേരിടുന്നു ഈ മേഖല കൂടുതൽ പ്രവർത്തങ്ങൾ ചെയ്യാൻ കഴിയുന്നരീതിയിൽ പാഠാസൂത്രണം നടത്തേണ്ടത് ഉണ്ട്

5 **ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ**

കുട്ടികൾക്ക് സ്വയം പ്രവർത്തനങ്ങൾ ചെയ്യാൻ കൂടുതൽ അവസരങ്ങൾ ഒരുക്കികൊണ്ട് ഈ മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും അതിന് പറ്റുന്ന രീതിയിൽ സ്കൂളിലെ ലാബ് സൗകര്യങ്ങൾ, ശാസ്ത്ര പഠന സൗകര്യങ്ങൾ ഇവ മെച്ചപ്പെടുത്തേണ്ടത് ആണ്. ശാസ്ത്ര പഠനത്തിൽ ക്ലാസ് റൂമിൽ പരീക്ഷണ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്ന രീതിയിൽ ലാബ് സൗകര്യം ത്തോട് കൂടിയ ക്ലാസ് മുറികൾ ആവശ്യമാണ്.

## നിലവിലുള്ള ഭൗതികസാഹചര്യം

ശാസ്ത്രപഠനത്തിലെ വിവിധശേഷികൾ കൈവരിക്കുന്നതിന് സ്കൂളിലെ ഭൗതിക സാഹചര്യം വളരെ പ്രധാനമാണ്. ശാസ്ത്രപഠനത്തിലെ ഏറ്റവും പ്രധാനവും അടിസ്ഥാനപരവുമായ ശേഷിയാണ് നിരീക്ഷണം. ഇതിന് ഉതകുന്ന രീതിയിലുള്ള ജൈവവൈവിധ്യം ഉദ്യാനത്തിന്റെ അഭാവം പരിഹരിക്കേണ്ടതുണ്ട്. ശാസ്ത്രപഠനത്തിൽ ഐസിടി അധിഷ്ഠിത പഠനം പ്രധാനമാണ്. ഇതിന് ഉതകുന്നരീതിയിലുള്ളസ്മാർട്ട് റൂമുകളായി ഓരോ ക്ലാസ്സ് മുറികളും മാറേണ്ടതുണ്ട്. നമ്മുടെ വിദ്യാലയത്തിൽ ഉണ്ടെങ്കിലും അത് കുറച്ചുകൂടി വിശാലമാക്കണം. ഒരു ക്ലാസ്സ് മുറിയിലെ ഭിന്നനില ഭിന്ന നിലവരക്കാരായ കുട്ടികളിൽ ആശയ ഗ്രഹണത്തിന് വത്യസ്ത രീതിയിലുള്ള പ്രവർത്തനങ്ങൾ അധ്യാപകന് സ്വീകരിക്കേണ്ടിവരും. അതിനനുസരിച്ച് ക്രമീകരിക്കാൻ ക്ലാസ്സ് മുറികളുടെ അഭാവം പഠനത്തിനെ ബാധിക്കും എന്ന് കാണാൻ കഴിയും. അതുപോലെതനെ അതുപോലെതന്നെ മികച്ച ലാബ് സൌകര്യത്തിന്റെ അഭാവം കുട്ടിക്ക് സ്വയം പരീക്ഷണങ്ങളിൽ ഏർപ്പെട്ട് പ്രവർത്തനങ്ങൾ ചെയ്യാനു അവസരങ്ങൾ ലഭിക്കാതെ പോകുന്നു എന്ന് കാണാൻ കഴിയുന്നു. മികച്ച ലബോറട്ടറി സൌകര്യത്തിന്റെ അഭാവവും ഒരു പ്രശ്നമാണ്.

## പരിഹാര നിർദ്ദേശങ്ങൾ

- മികച്ച പഠനാന്തരീക്ഷം ഒരുക്കിക്കൊണ്ട് കുട്ടികളിൽ വിവിധ പ്രക്രിയ ശേഷികൾ നേടുന്നതിനും അതുവഴി മികച്ച രീതിയിലുള്ള ശാസ്ത്ര പഠനവും ഉറപ്പുവരുത്തുന്നതിനും നമുക്ക് കഴിയും അതിനുവേണ്ടി പരീക്ഷ താഴെപ്പറയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നമുക്ക് നടപ്പിലാക്കാം.
- താഴ്ന്നക്ലാസുകളിലെ അടിസ്ഥാന ആശയങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അവ കൈവരിക്കാൻ അവസരം ഉറപ്പാക്കുക.
- ഓരോ അധ്യാപകന്റെയും നേതൃത്വത്തിൽ കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാക്കുക ബാന പുസ്തകത്തെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുക. എല്ലാ ക്ലാസ് മുറികളിലും സ്വയം പഠനം സംഘപടനം, ഐസിടി എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക. കൗൺസിലിംഗ് മെഡിക്കൽ മെഡിക്കൽ ചെക്കപ്പുകൾ എന്നിവ ശക്തിപ്പെടുത്തുക.
- ജീവിത നൈപുണ്യ വികസനത്തിന് പര്യാപ്തമാകുന്ന രീതിയിൽ ദിനാചരണങ്ങൾ മറ്റു പ്രവർത്തനങ്ങൾ ഇവ സംഘടിപ്പിക്കുക. പ്രക്രിയ ശേഷികൾ നേടിയെടുക്കാൻ പര്യാപ്തമായ രീതിയിൽ ശില്പശാലകൾ ഫീൽഡ് ടിപ്പുകൾ തുടങ്ങിയവ ആസൂത്രണം ചെയ്തു നടപ്പിലാക്കുക **CPTAMPTA** എന്നിവ ശക്തിപ്പെടുത്തുക.

## ഭൗതിക സാഹചര്യം

ശാസ്ത്ര പഠനത്തിലെ വിവിധ പ്രക്രിയാ ശേഷികൾ ലഭിക്കാൻ രീതിയിൽ ഉതകുന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങൾ മാറ്റേണ്ടതാണ് സഭ സൗകര്യങ്ങൾ എല്ലാ ക്ലാസ് മുറികളിലും ലഭ്യമാകുന്ന സാഹചര്യമൊരുക്കുക. കുട്ടികൾക്ക് സ്വയം ചെയ്യാൻ കഴിയുന്ന രീതിയിൽ ഒരു സയൻസ് സ്കൂളിൽ ഒരുക്കുക. പ്രകൃതിയെ അടുത്തറിയാനും പരിസരം ഒരു പാഠപുസ്തകം എന്ന ആശയത്തിലൂന്നിയും പഠന അനുഭവങ്ങൾ കുട്ടികൾക്ക് നൽകുന്നതിന് വേണ്ടിയാണ് എല്ലാ വിദ്യാലയത്തിലും ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു സ്ഥലം കണ്ടെത്തി അവിടെ പ്രകൃതിയുടെ ഒരു പരിഛേദം രൂപപ്പെടുത്തണം വൈവിധ്യമാർന്ന സസ്യങ്ങളും ശലഭങ്ങളും സൂക്ഷ്മജീവികളുംവളർത്തിയെടുക്കണം. ചെറിയ ഒരു കുളം, ഔഷദോധ്യാനം ഫലവൃക്ഷങ്ങളും.

ശലഭോധ്യാനം എല്ലാം ഇതിന്റെ ഭാഗമാവുന്നു കുട്ടികൾക്ക് നിരീക്ഷിക്കാനും വിവിധ കാര്യങ്ങൾ മനസ്സിലാക്കുവാനും അതുവഴി പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനും ജൈവവൈവിധ്യപാർക്ക് സഹായിക്കുന്നു.

ലക്ഷ്യം :

- ➢ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ
- ➢ പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തൽ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ കമ്മിറ്റി രൂപീകരണം |
| ജൂൺ 5 | ⇨ പരിസ്ഥിതിദിന ക്വിസ് (ക്ലാസ് തലം, സ്കൂൾതലം) |
| ജൂൺ | ⇨ സയൻസ് ക്ലബ് ഉദ്ഘാടനം |
| ജൂലൈ 20 | ⇨ ചാന്ദ്രദിന ക്വിസ്, മറ്റ് അനുബന്ധ പരിപാടികൾ |
| ആഗസ്ത് | ⇨ ഫീൽഡ് ട്രിപ്പ് |
| സപ്തംബർ 16 | ⇨ ഓസോൺ ദിനാചാരണം<br>⇨ സ്കൂൾ ശാസ്ത്രമേള |
| നവംബർ | ⇨ ശാസ്ത്രക്ലാസ് (അന്താരാഷ്ട്ര ശാസ്ത്ര വാരാചരണത്തോടനുബന്ധിച്ച്) |
| ഫെബ്രുവരി | ⇨ ശാസ്ത്ര ദിനാചരണം പരിപാടികൾ |

# ഗണിതം

ലക്ഷ്യം :

- ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കൽ |
| സപ്തംബർ | ⇨ ചിഹ്നദാന ചടങ്ങ് |
| | ⇨ DS ടെസ്റ്റിന് മുമ്പ് അനുബന്ധ ക്ലാസ്സുകൾ നടത്തൽ |
| നവംബർ 9 | ⇨ പതാകദിനാഘോഷം |
| ഫെബ്രുവരി | ⇨ വൺ ഡെ ട്രിപ്പ് |

പ്രവർത്തനങ്ങൾ

⇨ ഗണിതശാസ്ത്ര ക്ലബ്ബ് രൂപീകരണം

⇨ ഗണിത കോർണർ ക്ലാസുകളിൽ ഒരുക്കൽ

⇨ ദേശീയ പതാക നിർമ്മാണം (ഗണിത ആശയം)

⇨ Numat പരിശീലനം

⇨ സ്കൂൾ ഗണിത ശാസ്ത്രമേള

⇨ ഓണാഘോഷം (ഗണിതപൂക്കളം)

⇨ ഗണിത ആൽബം നിർമ്മാണം

⇨ സബ്ജില്ലാ ഗണിതമേള പരിശീലനം

⇨ ദേശീയ ഗണിതശാസ്ത്ര ദിനാചരണം

# ഹിന്ദി

ലക്ഷ്യം :

- എല്ലാ കുട്ടികൾക്കും മാതൃഭാഷാ കൈകാര്യം ചെയ്യുന്നപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള ഒഴിവ് ഉറപ്പാക്കുക

| മാസം | | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | 15 | ⇨ ഹിന്ദി ക്ലബ്ബ് രൂപീകരണം |
| ജൂലൈ | 10 | ⇨ ഹിന്ദി ക്ലബ് ഉദ്ഘാടനം |
| | | ⇨ സുരീലി ഹിന്ദി |
| ആഗസ്ത് | 15 | ⇨ സ്വാതന്ത്ര്യദിനം (ദേശഭക്തിഗാനാലാപനം) |
| സപ്തംബർ | 14 | ⇨ ഹിന്ദി ദിനാചരണം |

# സംസ്കൃതം

| മാസം | | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | 20 | ⇨ പ്രീടെസ്റ്റ് |
| ജൂലൈ | 4 | ⇨ ക്ലബ് രൂപീകരണം |
| ആഗസ്ത് | 8 | ⇨ രാമായണ മാസാചരണം |
| സപ്തംബർ | | ⇨ സംസ്കൃത ദിനാഘോഷം |
| ഒക്ടോബർ | 10 | ⇨ സ്കോളർഷിപ്പ് സെലക്ഷൻ |
| നവംബർ | 1 | ⇨ സംഭാഷണ ശിബിരം |
| ജനുവരി | 2 | ⇨ സ്കോളർഷിപ്പ് മോഡൽ പരീക്ഷ |
| ഫെബ്രുവരി | 7 | ⇨ സംഭാഷണ ശിബിരം |

# സാമൂഹ്യ ശാസ്ത്രം

മാനവിക വിഷയങ്ങളായ പരിസരപഠനം,സാമൂഹ്യശാസ്ത്രം തുടങ്ങിയവ 1മുതൽ7വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങളിൽ കുട്ടികളുടെ പഠനമികവ് ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം മാനവികവിഷയങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ ചർച്ച ചെയ്ത് മാത്രമേ പദ്ധതി രൂപീകരണവും പ്രശ്ന നീർണ്ണയവും സാധ്യവാവു വിദ്യാഭ്യാസം തൊഴിൽ ലഭിക്കാനുള്ള ഉപാധി എന്ന നിലയിൽ മാത്രം കാണുന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. വികസിതരാജ്യങ്ങളിൽ ഏറെ പ്രാധാന്യം നൽകി പഠിക്കുന്ന മാനവിക വിഷയങ്ങൾക്ക് നമ്മുടെ നാട്ടിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. ഈ അവസ്ഥ മറികടക്കാൻ നമുക്ക് കഴിയണം.

ഈ വിഷയവുമായി ബന്ധപ്പെട്ട് കുട്ടികളും അധ്യാപകരും നേരിടുന്ന അക്കാദമിക ഭൌതിക സാവ്യൂഹ്യപ്രശ്നങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർതിതന പദ്ദതിയും രൂപരേഖയും.

## അക്കാദമികം

- ❖ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ദതി നിർദ്ദേശിച്ച ശേഷികൾ,ധാരണകൾ,ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
- ❖ എല്ലാകുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കു ന്നില്ല.
- ❖ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ,സങ്കേതങ്ങൾ പ്രയോജനപെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്.
- ❖ പരിശീലന പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സഹായിക്കുന്നില്ല.

## ഭൌതികം

- ❖ ക്ലാസ്സ് മുറികൾ നൂതന പഠനതന്ത്രങ്ങൾ പ്രയോഗിക്കുന്നതിനനു യോജ്യമായ തരത്തിലുള്ളതല്ല.
- ❖ ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൌകര്യം എല്ലാ ക്ലാസിലുമില്ല

- ❖ ഭൂമിശാസ്ത്രം പോലെയുള്ള വിഷയങ്ങൾ പഠിപ്പിക്കാൻ ആവശ്യമായ ഗ്ലോബ്, ഭൂപടം എന്നിവയുടെ അഭാവം ആ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ട് അനുഭപ്പെടുന്നു.
- ❖ സ്കൂളിൽ സാമൂഹ്യശാസ്ത്ര ലാബില്ലാത്തത് കുട്ടികൾക്ക് പഴയകാല ഉപകരണങ്ങളും മറ്റും കാണിച്ചുകൊടുക്കാൻ കഴിയുന്നില്ല.

<u>പരിഹാര മാർഗങ്ങൾ</u>

- ❖ ജൂൺ മാസത്തിൽ തന്നെ സോഷ്യൽ സയൻസ് ക്ലബ് രൂപീകരിച്ച് പ്ര വർത്തനങ്ങൾ ചെയ്യുക
- ❖ കുട്ടികളിൽ ആനുകാലിക ബോധവും പൊതുവിഞ്ജ്ജനവും ഉറപ്പാക്കാൻവേണ്ടി ക്ലാസ്സ് തലത്തിൽ ക്വിസ്സ് നടത്തുകയും അതിൽ നിന്ന് വിജയിക്കുന്നവരെ സ്കൂൾ തലത്തിൽ മത്സരം നടത്തി തെരഞ്ഞെടുക്കുക
- ❖ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ **General Question Answer** പരിശീലനം
- ❖ വ്യക്തിത്വ സ്വഭാവ, സാമൂഹികരണവുമായി ക്ലാസ്സുകൾ സംഘടിപ്പി ക്കുക ബന്ധപ്പെട്ട ക്ലാസ്സുകൾ സംഘടിപ്പിക്കുക
- ❖ സോഷ്യൽ സയൻസ് എക്സിബിഷൻ നടത്താം
- ❖ ചരിത്രസ്മാരകങ്ങൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുക **ICT** സാധ്യതകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യാം
- ❖ സംവാദങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കാം.
- ❖ സ്കൂൾ തല സോഷ്യൽ സയൻസ് മേള

ലക്ഷ്യം:

- ➢ കുട്ടികളിൽ ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ
- ➢ സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ 3 | ⇨ സാമൂഹ്യശാസ്ത്ര ക്വിസ് |
| ജൂൺ 12 | ⇨ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>⇨ ക്ലബ്ബ് ഉദ്ഘാടനം |

| | |
|---|---|
| ജൂലൈ 11 | ⇨ ലോക ജനസംഖ്യാ ദിനാചരണം<br>⇨ ക്ലാസ് തല പാർലമെന്റ് മെമ്പർമാരെ തെരഞ്ഞെടുക്കൽ |
| ജൂലൈ 21 | ⇨ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് |
| ആഗസ്റ്റ് 6 | ⇨ ഹിരോഷിമ ദിനം – റാലി |
| ആഗസ്റ്റ് 9 | ⇨ നാഗസാക്കിദിനം – ക്വിറ്റ് ഇന്ത്യാ ദിനാചരണം |
| ആഗസ്റ്റ് 15 | ⇨ സ്വാതന്ത്ര്യദിനാഘോഷം |
| ആഗസ്റ്റ് 18 | ⇨ സാമൂഹ്യ ശാസ്ത്രമേള |
| ഒക്ടോബർ 2 | ⇨ ഗാന്ധിജയന്തി |
| നവംബർ 1 | ⇨ കേരളപ്പിറവി ദിനം, അസംബ്ലി |
| നവംബർ 14 | ⇨ ശിശുദിന റാലി, കുട്ടികൾ നയിക്കുന്ന അസംബ്ലി |
| ജനുവരി 30 | ⇨ രക്തസാക്ഷിദിനാചരണം |

# അറബിക്

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ പ്രീടെസ്റ്റ് (1 മുതൽ 7 വരെ ക്ലാസുകളിൽ)<br>⇨ സ്കോളർഷിപ്പ്, അക്ഷര ക്ലാസ്സ് എന്നിവക്കുള്ള കുട്ടികളെ കണ്ടെത്തൽ<br>⇨ അറബിക് ക്ലബ് രൂപീകരണം, അലിഫ് ടാലന്റ് ടെസ്റ്റ്<br>⇨ അക്ഷരക്ലാസ് ആരംഭിക്കൽ (പിന്നോക്കക്കാർക്ക്) |
| ജൂലൈ | ⇨ അലിഫ് ടാലന്റ് ടെസ്റ്റ് – സബ്ജില്ലാ തലം<br>⇨ അറബിക് ക്ലബ് ഉദ്ഘാടനം<br>⇨ ബഷീർ ദിനാചരണം |
| ആഗസ്റ്റ് | ⇨ കലാമേളയിലേക്ക് കുട്ടികളെ സെലക്ട് ചെയ്യൽ<br>⇨ പരിശീലനം നടത്തൽ<br>⇨ അറബിക് സാഹിത്യമത്സരം<br>⇨ സ്വാതന്ത്ര്യദിനം – ക്വിസ്, പതിപ്പ് നിർമ്മാണം |
| ഡിസംബർ | ⇨ അറബിക് അസംബ്ലി<br>ലോക അറബി ഭാഷാ ദിനം വിപുലമായി നടത്തൽ |
| സപ്തംബർ | ⇨ അധ്യാപകദിനം (ആശംസാ കാർഡ് നിർമ്മാണം) |
| നവംബർ | ⇨ ഗാന്ധിജയന്തി (ക്വിസ്, ജീവചരിത്രം തയ്യാറാക്കൽ) |

# ആരോഗ്യം, ശുചിത്വം

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ 5 | ⇨ വീട്ടിൽ ഒരു വൃക്ഷത്തൈ നടൽ<br>⇨ ബോധവൽക്കരണ ക്ലാസ്സ് |
| മാർച്ച് 21 | ⇨ വനദിനം - ബോധവൽക്കരണ ക്ലാസ്സ് |
| മാർച്ച് 22 | ⇨ ജലദിനം - പോസ്റ്റർ നിർമ്മാണം<br>⇨ ജൂൺ മുതൽ മാർച്ച് മാസം വരെ ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽ ശുചീകരണം<br>⇨ കുട്ടികൾക്ക് വിര ഗുളിക വിതരണം<br>⇨ അച്ചടക്കവും വൃത്തിയുമുള്ള ക്ലാസിന് സമ്മാനം |

# മാതൃസമിതി പ്രവർത്തനങ്ങൾ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ ബോധവത്കരണ ക്ലാസ്സ്, നല്ല പാരന്റിംഗ്, പോക്സോ - നമ്മുടെ കുട്ടികൾ സുരക്ഷിതരാവട്ടെ) |
| ജൂലൈ | ⇨ ലഹരിക്കെതിരെ പോരാട്ടം രക്ഷിതാക്കൾ അറിയേണ്ടതെല്ലാം- ക്ലാസ് |
| നവംബർ | ⇨ സൈബർ സുരക്ഷ - ബോധവത്ക്കരണ ക്ലാസ്സ് |
| ജനുവരി | ⇨ കൗമാരക്കാരുടെ പ്രവശ്നങ്ങൾ രക്ഷിതാക്കൾ അറിയേണ്ടത് |

# ജെ ആർ സി

വർഗ്ഗ രാഷ്ട്രീയാതീതമായി പ്രവർത്തിക്കുന്ന സ്വതന്ത്രവും സാർവ്വദേശീയവുമായ സേവന പ്രസ്ഥാനമായ റെഡ് ക്രോസ്റ്റ്സൊസൈറ്റിയുടെ ജൂനിയർ സംഘടനയാണ് ജൂനിയർ റെഡ് ക്രോസ്റ്റ് റെഡ് ക്രോസ്റ്റ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവതലമുറയിൽ സേവനത സ്വഭാവരൂപവൽക്കരണം ദയസ്നേഹം സൗഹൃദം ആതുരശുശ്രൂഷ വിദ്യാദ്യാസ പ്രചരണം തുടങ്ങിയ മൂല്യങ്ങൾ ഗാഢമാക്കുന്നതിനും വേണ്ടിയാണ് അന്തർദേശീയ റെഡ് ക്രോസ്സ് സൊസൈറ്റി ജെ ആർസിക്ക് രൂപം നൽകിയത്.

2011–12 അധ്യയന വർഷമാണ് ആവള യൂ പി സ്കൂളിൽ ജെ ആർ സി യൂണിറ്റ് രൂപീകൃതമായത്

എല്ലാസ്കൂളുകളിലും ജെ ആർ സി രൂപീകരിക്കാൻ വിദ്യാഭ്യാസവകുപ്പ് നിർദ്ദേശം കിയിരുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും ജെ ആർ സി യുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു

## <u>പ്രവർത്തനകലണ്ടർ</u>

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ കമ്മിറ്റി രൂപീകരണം ചുമതലാ വിഭജനം, ലഹരിവിരുദ്ധദിന പരിപാടി, സിനിമാ പ്രദർശനം |
| ജൂലൈ | ⇨ സ്കൂൾ ശുചീകരണം |
| ആഗസ്ത് 15 | ⇨ സ്വാതന്ത്ര്യദിന പരിപാടികളിൽ പങ്കാളിത്തം |
| സെപ്തംമ്പർ | ⇨ ഗുരുവന്ദനം |
| ഒക്ടോബർ 2 | ⇨ ശുചീകരണം |
| നവംബർ 14 | ⇨ ശിശുദിനാഘോഷം |
| ജനുവരി 26 | ⇨ ഏകദിന ക്യാമ്പ് |

# അച്ചടക്കം

ഒരു വിദ്യാലയത്തിന്റെ പഠന-പാഠ്യേതര പ്രവർത്തനങ്ങളിലെ പുരോഗതിയെ ആ സ്കൂളിലെ കുട്ടികളുടെയും അധ്യാപകരുടെയും ചിട്ടയായ പ്രവർത്തനങ്ങൾ വലിയ തോതിൽ സഹായിക്കും. ചിട്ടയായ പ്രവർത്തനങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് സ്കൂളിലും പുറത്തും കുട്ടികളുടെ പെരുമാറ്റ ശീലങ്ങളും അച്ചടക്കവും. ഇതിൽ ആദ്യ പരിഗണന കുടുംബത്തിനാണെങ്കിലും അതിനോട് ചേർന്നു നിൽക്കുന്ന ഉത്തരവാദിത്വം അധ്യാപകർക്കും ഉണ്ട്. അച്ചടക്കമുള്ള പൗരന്മാർ തന്നെയാണ് സമൂഹത്തിന്റെയും രാജ്യത്തിന്റെയും കരുത്ത്. ക്ലാസുകളിലും കളിസ്ഥലങ്ങളിലും ഒക്കെ സ്വയം നിയന്ത്രണമുള്ളവരാക്കി മാറ്റാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ. ഇതിനായി കമ്മിറ്റി ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ക്ലാസുകളിൽ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശ ബോർഡുകൾ സ്ഥാപിക്കുക
2. ക്ലാസ് ലീഡർമാർ, ഉപലീഡർമാർ എന്നിവരുടെ തെരഞ്ഞെടുപ്പ് (മാസം തോറും ഇവരെ മാറ്റുന്ന രീതി)
3. ചുമതല വിഭജനം നൽകൽ
4. അസംബ്ലിയിലേക്ക് പോകുന്നതും വരുന്നതും ക്ലാസ് ടീച്ചറുടെ കൂടെയാവുക
5. ക്ലാസുകളിൽ ഒഴിവു സമയങ്ങളിൽ പത്രങ്ങൾ, ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുക
6. ഇന്റർവെൽ സമയത്ത് കളി അനുവദിക്കുന്നതല്ല. ഉച്ചസമയത്ത് ഗ്രൗണ്ടിന് പുറത്ത് പോകുന്നത് പരിശോധിക്കാൻ അധ്യാപകർക്ക് ചുമതല നൽകുക.
7. 4 മണിക്ക് സ്കൂൾ വിടുന്ന സമയത്ത് ഗ്രൗണ്ടിലും റോഡിലും കുട്ടികൾക്ക് നിർദ്ദേശം നൽകാൻ അധ്യാപകർക്ക് ചുമതല നൽകണം.
8. അറബി, ഉറുദു, സംസ്കൃതം എന്നീ പിരീഡുകളിൽ ഈ വിഷയങ്ങൾ പഠിക്കാത്തവരെ ഒരു കാരണവശാലും പുറത്തു വിടാതെ ക്ലാസുകളിൽ ഇരുത്തണം.
9. ക്ലാസുകളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ
10. PET പിരീഡ് കുട്ടികൾക്കൊപ്പം ചാർജ്ജുള്ള അധ്യാപകർ ഗ്രൗണ്ടിൽ ഉണ്ടാവുന്ന തരത്തിൽ ക്രമീകരണം വേണം.

# ലൈബ്രറി

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ 5 | ⇨ ക്ലാസ്തല ലൈബ്രറി വിതരണം<br>⇨ സ്കൂൾ ലൈബ്രറി വിപുലീകരണം |
| ജൂലൈ | ⇨ ശാസ്ത്ര പുസ്തകവുമായി ബന്ധപ്പെട്ട മാസാന്ത ക്വിസ് മത്സരം |
| മാർച്ച് | ⇨ മെഗാ ക്വിസ് |

# കായികം

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ആഗസ്ത് 8,9 | ⇨ സ്കൂളിൽ സ്പോട്സ് ഡേ നടത്തി കുട്ടികളെ വിവിധ മത്സരത്തിന് തെരഞ്ഞെടുക്കുന്നു |
| സപ്തംബർ | ⇨ പഞ്ചായത്ത്, സബ്ജില്ലാ സ്പോർട്സിന് സെലക്ഷൻ കിട്ടുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ഏർപ്പെടുത്തും |
| ജനുവരി 9 | ⇨ ക്ലാസ് തല ഫുട്ബോൾ മത്സരം (6, 7)<br>⇨ വർഷം മുഴുവൻ ചെസ് പരിശീലനം (ക്ലാസ് തലത്തിൽ ചെസ് ബോർഡ് വിതരണം) |
| ഫെബ്രുവരി | ⇨ സ്പോർട്സ് ക്വിസ് |

# ഉച്ചഭക്ഷണം

☞ 1 മുതൽ 7 വരെയുള്ള മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം

☞ ആഴ്ചയിൽ രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും

☞ ഉച്ചഭക്ഷണ വിതരണം ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തണം

☞ LP ക്ലാസുകളിൽ കഞ്ഞി, പാൽ വിതരണം ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടത്തുക

☞ UP ക്ലാസുകളിൽ രണ്ടാമത്തെ പിരീഡ് ചാർജ്ജുള്ള അധ്യാപകർ കൊടുക്കണം.

☞ ഭക്ഷണം തയ്യാറാക്കാൻ ചന്ദ്രേട്ടനും കൂടെ ഒരു സഹായിയും വേണം.

☞ വൃത്തിയുള്ളതും ആരോഗ്യകരവുമായ ഭക്ഷണം ക്ലാസിലെ മുഴുവൻ കുട്ടികളും കഴിക്കുന്നുണ്ടെന്ന് ക്ലാസ് ടീച്ചർ ഉറപ്പുവരുത്തണം.

☞ രക്ഷിതാക്കളെ ബോധവൽക്കരിക്കണം (പരമാവധി വീട്ടിൽ നിന്ന് കൊണ്ടുവരുന്ന ഭക്ഷണങ്ങൾ ഒഴിവാക്കണം. ഇറച്ചി, മീൻ മുതലായവ)

# പ്രവൃത്തിപരിചയം

വിദ്യാലയത്തിലെ അക്കാദമിക മികവിനെ ഉയർത്തിയെടുക്കാനും സർഗാത്മകവും താത്പര്യജനകവുമാക്കുന്നതിനുള്ള ഇടപെടലുകളാണ് വിവിധ ക്ലബ്ബുകൾ നടത്തേണ്ടത്. അതിനാൽ തന്നെ ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസ് തലത്തിൽ പ്രവൃത്തി പരിചയ ക്ലബ്ബ് അതിന്റെ ഇടപെടലുകൾ നടത്തുന്നുണ്ട്.,

| മാസം | | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | 20 | ⇨ ക്ലബ്ബ് രൂപീകരണം |
| ജൂലൈ | 11 | ⇨ ശില്പശാല |
| ആഗസ്റ്റ് | 22 | ⇨ സ്കൂൾ പ്രവൃത്തി പരിചയമേള |
| സപ്തംബർ | | ⇨ സബ്ജില്ലാ മേള പരിശീലനം |
| ഒക്ടോബർ | | ⇨ സബ്ജില്ലാ മേള |
| നവംബർ | 14 | ⇨ ശില്പശാല |
| ജനുവരി | | ⇨ ക്ലബ് അംഗങ്ങൾക്ക് ക്ലാഫ്റ്റ് വില്ലേജ് സന്ദർശനം |

# കാർഷികം

**ലക്ഷ്യം:**

- കുട്ടികളിൽ കൃഷിയോടുള്ള താത്പര്യം വളർത്തുക

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ കാർഷിക ക്ലബ്ബ് രൂപീകരണം<br>⇨ ക്ലബ് അംഗങ്ങൾക്ക് കാർഷിക ബോധവൽക്കരണ ക്ലാസ് |
| ജൂലൈ | ⇨ ഓരോ ക്ലാസിനും ഒരു ഫലവൃക്ഷതൈ നടൽ സ്കൂൾ ഗ്രൗണ്ടിൽ |
| ആഗസ്റ്റ് | ⇨ കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കാൻ പരിശീലിപ്പിക്കൽ |
| സപ്തംബർ | ⇨ കൃഷിയിടം സന്ദർശിക്കൽ, കർഷകരുമായി അഭിമുഖം നടത്തൽ<br>⇨ ഓണത്തിന് ഒരു മുറം പച്ചക്കറി |
| ഫെബ്രുവരി | ⇨ എക്സൈസ് ദിനത്തിൽ എക്സൈസ് ഓഫീസറുടെ ക്ലാസ്സ് |

# കലാസാംസ്കാരികം

വിദ്യാഭ്യാസം എന്നത് വെറും അറിവുനേടൽ മാത്രമല്ല, കുട്ടിയുടെ സാംസ്കാരികവും കലാപരവുമായ വികാസം കൂടിയാണ്. സ്കൂളിൽ എ്ത്തുന്ന കുട്ടി അക്കാദമിക വിഷയങ്ങളിൽ എന്നതുപോലെതന്നെ അവന്റെ കലാപരമായ കഴിവുകളിലും വികാസം വേണം.

നമ്മുടെ വിദ്യാലയത്തിലെ ഓരോ കുട്ടിയും വ്യത്യസ്ത കഴിവുകൾക്കുടമയാണ്. ചില കുട്ടികൾ നന്നായി നൃത്തം ചെയ്യാൻ കഴിവുള്ളവരായിരിക്കും. മറ്റു ചിലർ ചിത്രം വരയ്ക്കാനും പാടാനും നിർമ്മാണത്തിലും ഒക്കെ കഴിവുള്ളവരായിരിക്കും. ഈ കഴിവുളെ പ്രൈമറി തലം മുതൽ നമ്മൾ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു.

ലക്ഷ്യം :

- ➢ കുട്ടികളുടെ സർഗ വാസനകളെ പരിപോഷിപ്പിക്കൽ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ⇨ പ്രവേശനോത്സവ പരിപാടി |
| ജൂലായ് | ⇨ കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കൽ |
| ആഗസ്ത് | ⇨ പരിശീലന പരിപാടികൾ |
| സപ്തംബർ | ⇨ ഓണാഘോഷപരിപാടികൾ<br>⇨ സ്കൂൾ കലാമേള |
| | ⇨ എല്ലാ ആഴ്ചകളിലും ക്ലാസ്തല സാഹിത്യസമാജം |